പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1319 — 30.09.2011 ൽ മറുപടിക്ക്

## രാജാരവിവർമ്മ സ്മാരകം നിർമ്മിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി. സത്യൻ : | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി.) | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിൽ ഉൾപ്പെട്ട കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ രാജാരവിവർമ്മയുടെ ജന്മസ്ഥലത്ത് ഉചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിന് ലളിതകലാ അക്കാദമി ഒരു പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിരുന്നുവോ ; പ്രസ്തുത പ്രോജക്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (ബി) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| (സി) | 2011-12 വർഷത്തിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 10 ലക്ഷം രൂപ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം തുടങ്ങാനായി നീക്കിവയ്ക്കുമോ ; അല്ലാത്തപക്ഷം പുതിയ പദ്ധതിയ്ക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) & (ഡി) | 2011-12 ബജറ്റ് പ്രസംഗത്തിൽ 10 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. തുക അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ലളിതകലാ അക്കാദമിയോട് ഈ കാര്യത്തിൽ വിശദമായ പ്രോജക്ട് തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കിളിമാനൂരിൽ നിലവിലുള്ള ഒന്നര ഏക്കർ സ്ഥലത്ത് ഉചിതമായ സാംസ്കാരിക കേന്ദ്രം നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ